പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 55

10.06.2014 ൽ മറുപടിയ്ക്ക്

## പബ്ലിക് റിസ്ക് ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എ.റ്റി. ജോർജ്ജ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ മേഖലയിൽ പബ്ലിക് റിസ്ക് ഫണ്ട് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) "കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി സഹകരണ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) സഹകരണ സ്ഥാപനത്തിൽ നിന്നും വായ്പയെടുത്ത് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ആശ്വാസം പകരുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടെയാണ് "കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി" രൂപീകരിച്ചിട്ടുള്ളത്. അതോടൊപ്പം അഞ്ച് മാരക രോഗം ബാധിച്ച് കഷ്ടപ്പെടുന്നവരുടെ (ക്യാൻസർ ബാധിതർ, കിഡ്നി സംബന്ധിച്ച രോഗങ്ങൾ, ഹൃദയ സംബന്ധമായ ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം വന്ന് ശരീരം തളർന്ന് കിടപ്പിലായവർ, എയ്ഡ്സ് രോഗം ബാധിച്ചവർ) വായ്പ ബാധ്യതയിലെ 75,000/- രൂപവരെയുള്ള മുതൽ തുകയും അതിന്റെ പലിശയും എഴുതിത്തള്ളുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് നൽകിയിട്ടുള്ളത്; | (സി) മരണപ്പെട്ട വായ്പക്കാരുടെ വായ്പ തുക എഴുതിത്തള്ളിയ ഇനത്തിലും മാരക രോഗം ബാധിച്ച വായ്പക്കാർക്ക് ആനുകൂല്യം നൽകിയ ഇനത്തിലുമായി 30.04.2014 വരെ 77.99 കോടി രൂപ റിസ്ക് ഫണ്ട് ആനുകൂല്യമായി അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും ബാങ്കുകളുമാണ് പദ്ധതി നടപ്പാക്കിയത്; വിശദാംശങ്ങൾ നൽകുമോ? | (ഡി) | പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, സഹകരണ അർബൻ ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള മറ്റ് വായ്പാ സഹകരണ സംഘങ്ങൾ എന്നിവയിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ